കുടുംബശ്രീ യൂണിറ്റുകൾ ഭൂമി പാട്ടത്തിനെടുക്കുന്ന നടപടി

4 [600] ശ്രീ. ലൂഡി ലൂയിസ്:

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ പി. ടി. തോമസ് :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമി പാട്ടത്തിന് കൊടുക്കുന്നത് നിയമവിധേയമാണോ ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് നിയമവിധേയമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അയൽക്കൂട്ടാംഗങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തരിശു കിടിക്കുന്ന കാർഷിക യോഗ്യമായ കൃഷിഭൂമി ഭൂ ഉടമയിൽ നിന്ന് വാടകയ്ക്ക് എടുത്ത് കൃഷി ചെയ്തുവരുന്നു. സംസ്ഥാനത്തെ 719 ഗ്രാമ പഞ്ചായത്തുകളിൽ 22649 അയൽക്കൂട്ടങ്ങളിലെ 25598 കുടുംബങ്ങൾ ഇപ്രകാരം കൃഷി ചെയ്തുവരുന്നു. ഇതിലൂടെ 16544.42 ഹെക്ടർ കൃഷി ഭൂമിയിൽ പുതുതായി കൃഷി ഇറക്കിയിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

പുറമ്പോക്കിൽ താമസിക്കുന്ന ആദിവാസികൾ

5 [601] ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ആദിവാസികൾ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നു;

(ബി) വയനാട് ജില്ലയിൽ പുറമ്പോക്കിൽ താമസിക്കുന്ന ആദിവാസികളുടെ എണ്ണം എത്രയാണ് ;

(സി) പുറമ്പോക്കിൽ താമസിക്കുന്ന വയനാട് ജില്ലയിലെ ആദിവാസികൾക്ക് അവരുടെ കൈവശസ്ഥലം പതിച്ചുകൊടുക്കുവാൻ നടപടിയെടുക്കുമോ ;

(ഡി) താമസിക്കുന്ന പുറമ്പോക്ക് സ്ഥലം പതിച്ചുകൊടുക്കുന്ന കാര്യത്തിൽ സാങ്കേതിക തടസ്സമുള്ളപക്ഷം അവർക്ക് കൈവശ രേഖയെങ്കിലും നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly